നം. സി6/10114/2017/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം-33.
ഫോൺ : 0471-2303107
തീയതി : 07.07.2018

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - സർക്കാർ കോളേജുകൾ - സർക്കാർ കോളേജുകളിലും ഹോസ്റ്റലുകളിലും കുടുംബശ്രീ മുഖാന്തിരം താത്കാലിക നിയമനം നടത്തുന്നത് - സംബന്ധിച്ച്.

സൂചന:- 1. 09.05.2018-ലെ സർക്കാർ ഉത്തരവ് (സാധാ) നം.918/2018/ഉ.വി.വ
2. 30.05.2018-ലെ സർക്കാർ ഉത്തരവ് (സാധാ) നം.1078/2018/ഉ.വി.വ
3. 03.07.2018-ലെ സർക്കാർ ഉത്തരവ് (സാധാ) നം.1313/2018/ഉ.വി.വ

കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള എല്ലാ സർക്കാർ കോളേജുകളിലും ഡെപ്യൂട്ടി ഡയറക്ടറേറ്റുകളിലും ഹോസ്റ്റലുകളിലുമുള്ള സ്വീപ്പർ/സാനിട്ടേഷൻ വർക്കർ/കുക്ക് തസ്തികയിലെ സ്ഥിരം ഒഴിവുകൾ സ്പെഷ്യൽ റൂൾസ് പ്രകാരം നികത്താൻ കാലതാമസമുണ്ടാകുന്ന പക്ഷം ടി ഒഴിവുകളിൽ കുടുംബശ്രീ മുഖാന്തിരം താത്കാലിക നിയമനം നടത്തുന്നതിന് പരാമർശം (3) പ്രകാരം സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പരാമർശം (1), (2), (3) സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിച്ച് കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലെയും സ്വീപ്പർ/സാനിട്ടേഷൻ വർക്കർ/കുക്ക് തസ്തികയിലെ ഒഴിവുകളിൽ സ്ഥിരനിയമനം നടക്കുന്നതുവരെ നിലവിലുള്ള ചട്ടങ്ങൾ പാലിച്ച് കുടുംബശ്രീ മുഖാന്തിരം താത്കാലിക നിയമനം നടത്തുന്നതിന് നിർദ്ദേശിയ്ക്കുന്നു. ടി നിയമനങ്ങൾ മേൽ സൂചന സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ നിർദ്ദേശിയ്ക്കുന്ന കുടുംബശ്രീ യൂണിറ്റുകളുമായി കരാറിൽ ഏർപ്പെട്ട് മാത്രം നടത്തേണ്ടതാണ്.

ഒപ്പ്/-
സീതാലക്ഷ്മി അമ്മ.എ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി

പകർപ്പ്: സിസ്റ്റം മാനേജർ (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്)

//അംഗീകാരത്തോടെ//

സൂപ്രണ്ട്

എസ്.ആർ/07.07.2018

# കേരള സർക്കാർ

## സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ജീവനക്കാര്യം - കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ ആർട്സ് & സയൻസ് കോളേജുകളിലും ഹോസ്റ്റലുകളിലും കുടുംബശ്രീ യൂണിറ്റുകളുടെ താല്ക്കാലിക സേവനം പ്രയോജനപ്പെടുത്തുന്നതിനു അനുമതി നല്കി ഉത്തരവാകുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്**

**സ.ഉ(സാധാ) നം.918/2018/ഉ.വി.വ.    തീയതി,തിരുവനന്തപുരം:09.05.2018**

പരാമർശം : - കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 23.10.2017 - ലെ സി6/10114/2017/കോ.വി.വ നമ്പർ കത്ത്.

**ഉത്തരവ്**

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ ആർട്സ് & സയൻസ് കോളേജുകളിലും അതിനോടനുബന്ധിച്ചുള്ള ഹോസ്റ്റലുകളിലും ക്ലീനിംഗ്, കുക്കിംഗ്, സാനിട്ടേഷൻ വർക്കർ തുടങ്ങിയ വിഭാഗങ്ങളിലുള്ള അനദ്ധ്യാപക ജീവനക്കാരുടെ അഭാവം കോളേജുകളുടെയും ഹോസ്റ്റലുകളുടെയും സുഗമമായ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുന്നതും വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതുമായ സാഹചര്യം പരിഗണിച്ച് സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതുവരെ ഹൗസ് കീപ്പിംഗ്, കുക്കിംഗ്, സെക്യൂരിറ്റി, ക്ലീനിംഗ് തുടങ്ങിയ ജോലികൾ ചെയ്യുന്നതിന് വകുപ്പിനു കീഴിലുള്ള കോളേജുകളിൽ കുടുംബശ്രീ യൂണിറ്റുകളുടെ താത്ക്കാലിക സേവനം പ്രയോജനപ്പെടുത്തുന്നതിനു പ്രിൻസിപ്പൽമാർ കുടുംബശ്രീ ജില്ലാ മിഷൻ കോഡിനേറ്ററുമായി ധാരണാപത്രം ഒപ്പ വയ്ക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. . ധാരണാപത്രത്തിന്റെ മാതൃക അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഹരികുമാർ.ജി**

ഗവ: ഡെപ്യൂട്ടി സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഡയറക്ടർ, ഐ&പി.ആർ.ഡി
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# ധാരണാപത്രം

............ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ ആർട്സ് & സയൻസ് കോളേജുകളിലും അതിനോടനുബന്ധിച്ചുള്ള ഹോസ്റ്റലുകളിലും വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി കുടുംബശ്രീ ജില്ലാ മിഷൻ കോ - ഓർഡിനേറ്റർ....................... ജില്ല ഒന്നാം കക്ഷിയായും., ................ പ്രിൻസിപ്പൽ രണ്ടാം കക്ഷിയായും 2018......................മാസം ..................തീയതി പരസ്പര ധാരണയിൽ ഒപ്പുവയ്ക്കുന്ന കരാർ.

കേരള സർക്കാരിന്റെ ഉന്നതവിദ്യാഭ്യാസ വകുപ്പ് ............................നമ്പർ ഉത്തരവ് പ്രകാരം കേരളത്തിലെ വിവിധ ആർട്സ് & സയൻസ് കോളേജുകളിലും അതിനോടനുബന്ധിച്ചുള്ള ഹോസ്റ്റലുകളിലും ഹൗസ് കീപ്പിംഗ്, കുക്കിംഗ്, സെക്യൂരിറ്റി, ക്ലീനിംഗ് തുടങ്ങി ജോലികൾ ചെയ്യുന്നത് കുടുംബശ്രീ മൈക്രോ എന്റർപ്രൈസ് യൂണിറ്റുകൾക്ക് നല്കാമെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ, ......................................ജില്ലയിലെ ....................... ആർട്സ് & സയൻസ് കോളേജിലെ/ഹോസ്റ്റലിലെ താഴെപറയുന്ന സേവനങ്ങൾക്കായി കുടുംബശ്രീ മൈക്രോ എന്റർപ്രൈസ് യൂണിറ്റുകളെ ഏൽപ്പിക്കുന്നതിനും, ഈ യൂണിറ്റുകൾ മികച്ച സേവനം നടത്തുന്നതിനും വേണ്ടി പരസ്പര സമ്മതപ്രകാരം തയ്യാറാക്കുന്ന ധാരണാപത്രം.

**ഒന്നാം കക്ഷിയുടെ ഉത്തരവാദിത്വങ്ങൾ**

1. .................................... ജില്ലയിലെ ..............................................ആർട്സ് & സയൻസ് കോളേജുകളിലെ/ഹോസ്റ്റലിലെ പ്രിൻസിപ്പൽ ................., ..........................................., ............................, ............................, ............. എന്നീ സേവനങ്ങൾക്കുവേണ്ടി ....................... പേർ അടങ്ങുന്ന ഒരു മൈക്രോ സംരംഭ യൂണിറ്റിനെ ആവശ്യപ്പെട്ടതു പ്രകാരം .................................. പേർ അടങ്ങുന്ന ഒരു യൂണിറ്റിനെ ഈ കരാർ ഒപ്പിട്ടതിന് 7 (ഏഴ്) ദിവസത്തിനകം നല്കുന്നതാണ്.

2. ടി യൂണിറ്റിന് ആവശ്യമായ പരിശീലനം, യൂണിഫോം, ഐഡി കാർഡ് എന്നിവ നല്കും.

3. ഹോസ്റ്റലിന്റെ പ്രവർത്തനത്തിന് കൂടുതൽ പേരെ ആവശ്യമുണ്ടെങ്കിൽ രണ്ടാം കക്ഷി ആവശ്യപ്പെടുന്ന മുറയ്ക്ക് ............. ദിവസത്തിനുള്ളിൽ നല്കുന്നതാണ്.

4. മൈക്രോ സംരംഭ യൂണിറ്റുകൾ പ്രവർത്തനത്തിൽ മികച്ച ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ടെന്ന് ബന്ധപ്പെട്ട കുടുംബശ്രീ സിഡിഎസ്സും ജില്ലാ മിഷനിലെ അസി.ജില്ലാ മിഷൻ കോ - ഓർഡിനേറ്റർ മുഖേനെ വിലയിരുത്തും.

5. ലൈസൻസുകൾ ആവശ്യമാകുന്ന പക്ഷം ആയത് യൂണിറ്റുകൾ എടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും.

6. ആർട്സ് & സയൻസ് കോളേജുകളിലെ/ഹോസ്റ്റലിലെ പ്രവർത്തിക്കുന്ന മൈക്രോ സംരംഭങ്ങളിൽ ഹാജർ ബുക്ക് വയ്ക്കുകയും ആയത് രണ്ടാം കക്ഷിയുടെ പരിശോധനയ്ക്ക് വിധേയമാക്കുന്നതുമാണ്.

7. യൂണിറ്റിന്റെ പ്രവർത്തനം തൃപ്തികരമല്ലെന്ന് രണ്ടാം കക്ഷി അറിയിക്കുന്ന മുറയ്ക്ക് ടീമിനെ/ടീം അംഗങ്ങളെ മാറ്റി, യൂണിറ്റ് പുതുക്കാവുന്നതാണ്.

## രണ്ടാം കക്ഷിയുടെ ഉത്തരവാദിത്വങ്ങൾ

1. യൂണിറ്റിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ സ്ഥല സൗകര്യങ്ങൾ ലഭ്യമാക്കും.

2. സംരംഭ ഗ്രൂപ്പിലെ വനിതകൾക്ക് അത്യാവശ്യ സൗകര്യങ്ങൾക്കായി ടോയ്ലറ്റ്, വിശ്രമ മുറി മുതലായവ ലഭ്യമാക്കും.

3. 28/04/2017 – ലെ സ.ഉ (അച്ചടി)നം.56/2017/ധന. സർക്കാർ ഉത്തരവ് അനുസരിച്ചുള്ള വിവിധ സേവനങ്ങൾക്ക് നിശ്ചയിച്ച ദിവസവേതന നിരക്ക പ്രകാരം മൈക്രോ സംരംഭ യൂണിറ്റിന് വേതനം ലഭ്യമാക്കുന്നതാണ്.

4. പ്രസ്തുത നിരക്കുകൾ സർക്കാർ വർദ്ധിപ്പിക്കുന്ന മുറയ്ക്ക് ആയത് യൂണിറ്റുകൾക്കും ബാധകമാക്കും.

5. ഹാജർ പരിശോധിച്ച് എല്ലാ മാസവും 5-ാം തീയതിക്കകം യൂണിറ്റിന് തുക അനുവദിക്കുന്നതാണ്.

6. യൂണിറ്റിന് പ്രവർത്തനത്തിന് ആവശ്യമായ യന്ത്രസാമഗ്രികളും ഉപകരണങ്ങളും അസംസ്കൃത വസ്തുക്കളും (ക്ലീനിംഗ് മെറ്റീരിയൽ, പാചക വാതകം, പാചക പാത്രങ്ങൾ, ധാന്യങ്ങൾ, പലവ്യഞ്ജന വസ്തുക്കൾ, വെള്ളം മുതലായവ) ലഭ്യമാക്കുന്നതാണ്.

7. വനിതാ ഹോസ്റ്റലിൽ പ്രവർത്തിക്കുന്ന യൂണിറ്റികളുടെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്നതിന് ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തും. ആയത് ഒന്നാം കക്ഷിയെ അറിയിക്കുന്നതാണ്.

## പൊതുധാരണ

1. സ്ഥിരമായി ടി തസ്തികകളിലേയ്ക്ക് ആളുകളെ നിയമിക്കുന്നതുവരെ അല്ലെങ്കിൽ ഒരു വർഷം ഏതാണ് കുറവ് ആയതാണ് കരാറിന്റെ കാലാവധി.

2. ഇരു കക്ഷികളും ചർച്ച ചെയ്ത് ഒരു മാസത്തെ നോട്ടീസ് നല്കി പരസ്പരം കരാർ അവസാനിപ്പിക്കാവുന്നതാണ്.

3. ഒന്നാം കക്ഷി നല്കിയ യൂണിറ്റ് പ്രതീക്ഷിച്ച മികവ് പുലർത്തുന്നില്ലെങ്കിൽ രണ്ടാം കക്ഷിയുടെ നിർദ്ദേശ പ്രകാരം പ്രസ്തുത യൂണിറ്റിനെ മാറ്റി മറ്റൊരു യൂണിറ്റിനെ സേവനത്തിനായി ലഭ്യമാക്കുന്നതാണ്.

4. ഒന്നാം കക്ഷി നല്കുന്ന യൂണിറ്റുകൾ രണ്ടാം കക്ഷിയുടെ സ്ഥാപനത്തിന്റെ നിയമങ്ങൾക്ക് വിധേയമായി പ്രവർത്തനം നടത്തുന്നതാണ്.

5. രണ്ടാം കക്ഷിയുടെ സ്ഥാപനത്തിന്റെ അച്ചടക്ക നിലവാരം ടി യൂണിറ്റുകൾ

കർശനമായി പാലിക്കുന്നതാണ്. ഹോസ്റ്റൽ അന്തേവാസികളോട് മികച്ച പെരുമാറ്റം യൂണിറ്റ് അംഗങ്ങൾ കാഴ്ചവയ്ക്കുന്നതാണ്.

6. യൂണിറ്റിൽ കൂടുതൽ പേർ ആവശ്യമെങ്കിലോ, നിലവിലുള്ളവരെ കുറയ്ക്കണമെങ്കിലോ പരസ്പര ധാരണയോടെ ആയത് നിർവ്വഹിക്കാവുന്നതാണ്.

7. സംരംഭ യൂണിറ്റ് അംഗങ്ങൾക്ക് തുടർ പരിശീലനം ആവശ്യമെങ്കിൽ ഒന്നാം കക്ഷി നല്കുന്നതാണ്.

മേൽ നിബന്ധനകൾ പ്രകാരം ഒന്നാം കക്ഷിയും രണ്ടാം കക്ഷിയും ധാരണാപത്രത്തിൽ ഒപ്പു വച്ചുകൊള്ളുന്നു.

**ഒന്നാം കക്ഷി**

.........................................

പ്രിൻസിപ്പൽ

...............................കോളേജ്/ഹോസ്റ്റൽ

**രണ്ടാം കക്ഷി**

.........................................

ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ

..................................................ജില്ല

**സാക്ഷികൾ**

1.

2.

11087
116118

# കേരള സർക്കാർ

## സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ജീവനക്കാര്യം - കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലും ഹോസ്റ്റലുകളിലും കുടുംബശ്രീ യൂണിറ്റുകളുടെ താത്ക്കാലിക സേവനം - ഭേദഗതി വരുത്തി ഉത്തരവ്വ പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്**

**സ.ഉ(സാധാ) നം.1078/2018/ഉ.വി.വ.** **തീയതി,തിരുവനന്തപുരം:30.05.2018**

---

പരാമർശം : - 1. സ.ഉ(സാധാ) നം. 918/2018/ഉ.വി.വ തീയതി 09.05.2018.

2. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 23.05.2018 – ലെ സി6/10114/2017/കോ.വി.വ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിലും ഹോസ്റ്റലുകളിലും കുടുംബശ്രീയുടെ താത്ക്കാലിക സേവനം പ്രയോജനപ്പെടുത്തുന്നതിനുള്ള സ.ഉ(സാധാ)നം.918/2018/ഉ.വി.വ തീയതി 09.05.2018 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ താഴെ പറയുന്ന ഭേദഗതികൾ വരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) പ്രിൻസിപ്പൽമാർ കുടുംബശ്രീ ജില്ലാ മിഷൻ കോ - ഓർഡിനേറ്റർ നിർദ്ദേശിക്കുന്ന കുടുംബശ്രീ യൂണിറ്റുകളുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

2) കുടുംബശ്രീ അംഗങ്ങൾക്കുള്ള പ്രതിഫലം ബന്ധപ്പെട്ട യൂണിറ്റുകളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യേണ്ടതാണ് മറിച്ച് യൂണിറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന വ്യക്തികളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് അടയ്ക്കാൻ പാടില്ലാത്തതാണ്.

3) കുടുംബശ്രീയുമായി കരാറിൽ ഏർപ്പെടുമ്പോൾ ജോലിയുടെ നിബന്ധനകളും വ്യവസ്ഥകളും ഓരോ വ്യക്തിയും ചെയ്യേണ്ട ജോലിയുടെ വിശദാംശങ്ങളും കരാറിൽ വ്യക്തമായി ഉൾപ്പെടുത്തേണ്ടതാണ്.

4)സ.ഉ(സാധാ) 918/2018/ഉ.വി.വ തീയതി 09.05.2018 നോടൊപ്പം ഉള്ളടക്കം ചെയ്തിരുന്ന ധാരണാപത്രത്തിന്റെ അവസാന ഭാഗത്ത് കക്ഷികൾ ഒപ്പ് വയ്ക്കേണ്ട സ്ഥലത്ത് ബന്ധപ്പെട്ട കുടുംബശ്രീ അധികാരി ഒന്നാം കക്ഷിയായും പ്രിൻസിപ്പൽ രണ്ടാം കക്ഷിയായും തിരുത്തൽ വരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഹരി കുമാർ.ജി**
ഗവ: ഡെപ്യൂട്ടി സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഡയറക്ടർ, ഐ&പി.ആർ.ഡി
നോഡൽ ഓഫീസർ, http://highereducation.kerala.gov.in
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

029234

# കേരള സർക്കാർ

## സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ജീവനക്കാര്യം - കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ ആർട്സ് & സയൻസ് കോളേജുകളിലും ഹോസ്റ്റലുകളിലും കുടുംബശ്രീ യൂണിറ്റുകളുടെ താത്ക്കാലിക സേവനം - ഭേദഗതി വരുത്തി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

## ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്

**സ.ഉ(സാധാ) നം.1313/2018/ഉ.വി.വ. തീയതി, തിരുവനന്തപുരം:03.07.2018**

---

പരാമർശം : - 1. സ.ഉ(സാധാ) നം. 918/2018/ഉ.വി.വ തീയതി 09.05.2018.

2 സ.ഉ(സാധാ)നം. 1078/2018/ഉ.വി.വ തീയതി 30.05.2018.

3 കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 04.06.2018 – ലെ സി6/10114/2017/കോ.വി.വ നമ്പർ കത്ത്.

## ഉത്തരവ്

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ ആർട്സ് ആന്റ് സയൻസ് കോളേജുകളിലും ഹോസ്റ്റലുകളിലും കുടുംബശ്രീയുടെ താത്ക്കാലിക സേവനം പ്രയോജനപ്പെടുത്തുന്നതിന് പരാമർശം 1 2 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ താഴെ പറയുന്ന ഭേദഗതികൾ വരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) പ്രിൻസിപ്പൽമാർ കുടുംബശ്രീ ജില്ലാ മിഷൻ കോ - ഓർഡിനേറ്റർ നിർദ്ദേശിക്കുന്ന കുടുംബശ്രീ യൂണിറ്റുകളുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

2) കുടുംബശ്രീ അംഗങ്ങൾക്കുള്ള പ്രതിഫലം ബന്ധപ്പെട്ട യൂണിറ്റുകളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് അടയ്ക്കേണ്ടതാണ് മറിച്ച് യൂണിറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന വ്യക്തികളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് അടയ്ക്കാൻ പാടില്ലാത്തതാണ്.

3) സർക്കാർ കോളേജുകളും ഹോസ്റ്റലുകളും പ്രത്യേകം എസ്റ്റാബ്ലിഷ്മെന്റുകളായാണ് പ്രവർത്തിക്കുന്നത്. ഹോസ്റ്റലുകളിലെ താത്ക്കാലിക നിയമനത്തിനുള്ള കുടുംബശ്രീയുമായുള്ള ധാരണാപത്രം ഹോസ്റ്റൽ വാർഡൻ ഒപ്പിടേണ്ടതാണ്.

4) കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജുകൾക്കു പുറമേ ഗവണ്മെന്റ് ടീച്ചർ എഡ്യൂക്കേഷൻ കോളേജുകൾ, ഗവണ്മെന്റ് ലോ കോളേജുകൾ, ഗവണ്മെന്റ് സംസ്കൃത കോളേജുകൾ, ഗവണ്മെന്റ് സംഗീത കോളേജുകൾ, ഗവണ്മെന്റ് ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ്, കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ, ഗവണ്മെന്റ് മെൻസ് ഹോസ്റ്റൽ തുടങ്ങി കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും ടി സർക്കാർ ഉത്തരവുകൾ ബാധകമാണ്.

5) കോളേജുകളിലെ ക്ലീനിംഗ്, കുക്കിംഗ്, സാനിറ്റേഷൻ വർക്കർ എന്നീ വിഭാഗങ്ങളിലെ അനദ്ധ്യാപക തസ്തികകളിലെ സ്ഥിരം ഒഴിവുകൾ സ്പെഷ്യൽ റൂൾസ് പ്രകാരം

നികത്താൻ കാലതാമസമുണ്ടാകുന്ന പക്ഷം ടി ഒഴിവുകളിലും കുടുംബശ്രീ മുഖാന്തരം താത്ക്കാലിക നിയമനം നടത്തുന്നതിന് അനുവാദം നല്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഹരികുമാർ. ജി**

ഡെപ്യൂട്ടി സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഡയറക്ടർ, ഐ&പി.ആർ.ഡി
നോഡൽ ഓഫീസർ (www.highereducation.kerala.gov.in)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ